# ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
## പാലക്കാട്

തീയ്യതി : 16-7-2018

എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരുടെയും ശ്രദ്ധയ്ക്ക്

**വിഷയം: എസ്.എസ്.എൽ.സി. 'വിജയശ്രീ' പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

"വിജയശ്രീ" Midterm പരീക്ഷയുടെ ടൈംടേബിളും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഇതോടൊപ്പം നൽകുന്നു. പരീക്ഷാ നടത്തിപ്പിനുള്ള തയ്യാറെടുപ്പുമുതൽ വെബ്പോർട്ടലിൽ റിസൽട് അപ്‌ലോഡിംഗ് വരെയുള്ള കാര്യങ്ങൾ ചിട്ടയോടെ നടപ്പിലാക്കേണ്ടതാകുന്നു.

**പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

1. ടൈംടേബിൾ അനുസരിച്ചു തന്നെ എല്ലാ പരീക്ഷകളും നടത്തണം
2. ഒരോ വിഷയത്തിലും ആദ്യത്തെ യൂണിറ്റിനെ അടിസ്ഥാനമാക്കിയാണു യൂണിറ്റ് ടെസ്റ്റ് നടത്തുന്നത്. പാഠഭാഗങ്ങളുടെ വിശദാംശങ്ങൾ പിന്നീടു നൽകുന്നതായിരിക്കും.
3. മറ്റു ക്ലാസുകൾക്ക് തടസ്സം ഇല്ലാത്ത വിധത്തിൽ വിജയശ്രീ പരീക്ഷ നടത്തേണ്ടതാകുന്നു
4. പരീക്ഷാ സമയം സ്കൂൾ സമയത്തിനു മുമ്പും ശേഷവും ആയതിനാൽ ഒരു ബഞ്ചിൽ 3 കുട്ടികൾ എന്ന വിധത്തിൽ പരീക്ഷാ ഹാളുകൾ ക്രമീകരിക്കേണ്ടതാകുന്നു
5. പരീക്ഷാ ഡ്യുട്ടിക്ക് സ്കൂളിലെ എല്ലാ ടീച്ചേഴ്സിന്റെയും സഹായം ഉണ്ടാക്കണം
6. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ ഓരോ കുട്ടിക്കും ലഭ്യമാക്കണം
7. * ചോദ്യപേപ്പർ അച്ചടിച്ചു കിട്ടണമെന്നുള്ളവർ സ്വന്തം ഉത്തരവാദിത്തത്തിൽ ബന്ധപ്പെട്ട പ്രസ്സിലേക്ക് ഇൻറൻറ് ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ അയക്കുകയും അച്ചടിയുടെ ചാർജ്ജ് നേരിട്ട് പ്രസിൽ നൽകേണ്ടതുമാകുന്നു.
8. *ചോദ്യപേപ്പറുകൾ ബന്ധപ്പെട്ട സബ്ജില്ലാ എ.ഇ.ഒ. ഓഫീസിൽ എത്തിക്കുന്നതും സ്കൂളുകൾ അവിടെ നിന്നും ശേഖരിക്കേണ്ടതുമാകുന്നു.
9. പരീക്ഷയുടെ മൂല്യനിർണയം ആഗസ്റ്റ് 15 നു തന്നെ പൂർത്തീകരിച്ച് കൺസോളിഡേറ്റഡ് റിസൽട് ഹരിശ്രീ വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം

(*ചോദ്യപേപ്പർ ഇൻറൻറ് പ്രൊഫോർമ പിന്നീട് അയക്കും. ചോദ്യപേപ്പറുകൾ എ.ഇ.ഒ ഓഫീസുകളിൽ എത്തുന്ന ദിവസവും സമയവും അറിയിക്കുന്നതായിരിക്കും)

(ഒപ്പ്)

ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

## “വിജയശ്രീ” Midterm പരീക്ഷ

### ടൈംടേബിൾ

2018 ആഗസ്റ്റ് 1 ആഗസ്റ്റ് 8 വരെ

| തീയ്യതി | വിഷയം | സമയം | സ്കോർ |
|---|---|---|---|
| 01–8–2018 ബുധൻ | ബയോളജി | 9 മണി മുതൽ 10 മണി വരെ | 20 |
| 01–8–2018 ബുധൻ | മലയാളം II | 3.45 മുതൽ 4.45. വരെ | 20 |
| 02–8–2018 വ്യാഴം | സോഷ്യൽ സയൻസ് | 9 മണി മുതൽ 10 മണി വരെ | 20 |
| 02–8–2018 വ്യാഴം | ഫിസിക്സ് | 3.45 മുതൽ 4.45. വരെ | 20 |
| 06–8–2018 തിങ്കൾ | മാതമാറ്റിക്സ് | 9 മണി മുതൽ 10 മണി വരെ | 20 |
| 06–8–2018 തിങ്കൾ | ഒന്നാം ഭാഷ | 3.45 മുതൽ 4.45. വരെ | 20 |
| 07–8–2018 ചൊവ്വ | കെമിസ്ട്രി | 9 മണി മുതൽ 10 മണി വരെ | 20 |
| 07–8–2018 ചൊവ്വ | ഇംഗ്ലീഷ് | 3.45 മണി മുതൽ 4.45 മണി വരെ | 20 |
| 08–8–2018 ബുധൻ | ഹിന്ദി | 9 മുതൽ 10 വരെ | 20 |